# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 5174

27..07..2015 -ൽ
മറുപടിയ്ക്ക്

## എൽ.ബി. എസ്. ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിലെ അനോമലി

*ചോദ്യം*
ശ്രീ. ജെയിംസ് മാത്യു

*ഉത്തരം*
ശ്രീ. പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) എൽ.ബി.എസ്. - ലെ ജീവനക്കാരുടെ ഒമ്പതാം ശമ്പള പരിഷ്കരണത്തിലെ അനോമലി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ പത്താം ശമ്പളപരിഷ്കരണത്തിന്റെ മുൻപായി ഒമ്പതാം ശമ്പളപരിഷ്കരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) എൽ.ബി.എസ്. സെന്റർ ജീവനക്കാർക്ക് 9-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ (G.O(MS)100/14/H.Edn. dtd.28/02/2014) അപാകതകൾ അനോമലികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി ഇതു സംബന്ധിച്ച വിശദമായ റിപ്പോർട്ട് എൽ.ബി.എസ്. ഡയറക്ടറിൽ നിന്നും വാങ്ങിയിട്ടുണ്ട്. തുടർന്ന് എൽ. ബി. എസ്. ജീവനക്കാരുടെ 9-ാം ശമ്പള പരിഷ്ക്കരണത്തിലെ അനോമലികളും സ്റ്റാഫ് പാറ്റേൺ അനോമലികളും വെവ്വെറെ സർക്കാരിൽ സമർപ്പിക്കുന്നതിന് എൽ.ബി.എസ്. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് എൽ.ബി.എസി.-ൽ തയ്യാറാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | കേരള സർക്കാരിന്റെ 7, 8 ശമ്പളപരിഷ്കരണം എൽ.ബി.എസിൽ നടപ്പിൽ വരുത്തിയപ്പോൾ എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിലെ സാങ്കേതികവിഭാഗം ജീവനക്കാർക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള സ്കെയിലാണോ നൽകിയിട്ടുള്ളതെന്ന് പറയാമോ; മിനിസ്റ്റീരിയൽ ജീവനക്കാർക്ക് നൽകിയ അടിസ്ഥാന ശമ്പളം കെ.എസ്.ആർ. പ്രകാരമാണോ യെന്ന് വ്യക്തമാക്കാമോ; | (സി) | കേരള സർക്കാരിന്റെ 7, 8 ശമ്പള പരിഷ്കരണം എൽ. ബി. എസ്.-ൽ നടപ്പിലാക്കിയപ്പോൾ എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള സ്കെയിൽ നൽകിയിട്ടുള്ളതായി എൽ.ബി.എസ്. ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എൽ.ബി.എസ്സിലെ മിനിസ്റ്റീരിയൽ ജീവനക്കാർക്ക് അനുവദിച്ചിട്ടുള്ള അടിസ്ഥാന ശമ്പളം സർക്കാർ വകുപ്പുകൾക്ക് സമാനമാണ്. |
| (ഡി) | എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജുകളിലെ ജീവനക്കാർക്ക് വേണ്ടി സ്പെഷ്യൽ റൂൾസ് നടപ്പിൽ വരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ നിലവിൽ ഏത് റൂൾ ആണ് ബാധകമായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ഡി) | എൽ.ബി.എസ്. എഞ്ചിനീയറിംഗ് കോളേജിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് വേണ്ടി പ്രത്യേകം സ്പെഷ്യൽ റൂൾസ് തയ്യാറാക്കി നടപ്പിൽ വരുത്തിയിട്ടില്ല. എന്നാൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ജീവനക്കാർക്കുള്ള സ്പെഷ്യൽ റൂൾസ് ആണ് നിലവിൽ നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ